കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചു. ദിനപത്രങ്ങളിൽ പരസ്യം നൽകി, ലഭിച്ച അപേക്ഷകരെ ഇന്റർവ്യൂ നടത്തിയാണ് പ്രസ്തുത നിയമനം നടത്തിയത്. കൂടാതെ ഒരു വാച്ച്മാനേയും 5 കാഷ്വൽ വർക്കേഴ്സിനേയും ദിവസശമ്പളത്തിൽ നിയമിച്ചിട്ടുണ്ട്.

(ജി) 24.10.98-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം. 153/98/ഐഡി പ്രകാരം കെൽ പാമിൽ 11 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ഇതിൽ 5 എണ്ണം ടെക്നിക്കൽ തസ്തികകളാണ്. ഈ തസ്തികകളിലേയ്ക്ക് നിയമനം നടത്തിയിട്ടില്ല. നിയമനം നടത്തി എന്ന് ആരോപിച്ച് ശ്രീദേവ്, സാംജോൺ, വിജു. കെ എന്നിവർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി.യിൽ താൽക്കാലിക സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(എച്ച്) ഉണ്ട്. ഗവൺമെന്റിലേക്ക് ലഭിച്ച പരാതികൾ ധനകാര്യ (ഇൻസ്പെക്ഷൻ വിംഗ്) വകുപ്പിന് അന്വേഷണം നടത്തുന്നതിനായി കൈമാറിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഐ) കെൽ പാമിന്റെ എം.ഡി. യായ ശ്രീ. ഷാജി മാധവനെതിരെ ലഭിച്ച പരാതി വിജിലൻസ് വകുപ്പിന് അന്വേഷണം നടത്തുന്നതിനായി കൈമാറിയിട്ടുണ്ട്; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

267 (1446) ടെൽക്-നെ രക്ഷിക്കുന്നതിന് നടപടി

<u>ശ്രീ. പി. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ടെൽക്നെ രക്ഷിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ സഹായം ഈ സ്ഥാപനത്തിന് നൽകി;

(ബി) ടെൽക്കിന്റെ 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലെ ലാഭനഷ്ടക്കണക്കുകൾ എത്രയാണ്; ഈ വർഷങ്ങളിൽ നടത്തിയ ഉൽപ്പാദനം എത്ര കോടി രൂപയുടേതാണ്;

(സി) ടെൽക്കിന് വിദേശ ഓർഡർ ഇപ്പോൾ ലഭിക്കുന്നുണ്ടോ; എങ്കിൽ എവിടെനിന്നും എത്ര കോടി രൂപയുടേത്;

(ഡി) ടെൽക്കിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്; ഇതിൽ മാനേജ്മെന്റ് ജീവനക്കാർ എത്ര, എത്ര ലക്ഷം രൂപ ശമ്പളം നൽകുന്നതിന് പ്രതിമാസം ഉണ്ടാകണം;

(ഇ) ഓരോ വിഭാഗത്തിനും ലഭിക്കുന്ന ശമ്പളം എത്രവീതമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 1995-ൽ സി.ഐ.എഫ്.ആറിൽ രജിസ്റ്റർ ചെയ്ത ടെൽക് ലിമിറ്റഡിനെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽത്തന്നെ നിലനിറുത്തി പുനരുദ്ധരിക്കുവാനുള്ള തീരുമാനമെടുക്കുകയും അതനുസരിച്ച് സർക്കാർ നൽകിയ പുനരുദ്ധാരണ പദ്ധതി സി.ഐ.എഫ്. ആർ. അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത പുനരുദ്ധാരണ പദ്ധതി പ്രകാരം സർക്കാർ താഴെപ്പറയുന്ന സഹായങ്ങൾ കമ്പനിക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(i) സാമ്പത്തിക സ്ഥാപനങ്ങൾക്ക് നൽകേണ്ട ഒൺടൈം സെറ്റിൽമെന്റ് പ്രകാരം കുടിശ്ശികയുള്ള 12.62 കോടി രൂപ പണമായി കമ്പനിക്ക് നൽകി.

(ii) വിൽപ്പന നികുതി കുടിശ്ശികയായ 12.2 കോടി രൂപയും സർക്കാർ ഗ്യാരണ്ടി കമ്മീഷൻ തുകയായ 4.05 കോടി രൂപയും അംഗീകൃത പുനരുദ്ധാരണ കാലയളവിൽ കമ്പനി തിരിച്ചടയ്ക്കുന്നത് മാറ്റിവച്ചിട്ടുണ്ട്.

ഇതുകൂടാതെ പിന്നീടുണ്ടായ പ്രവർത്തന മൂലധന ശോഷണം പരിഹരിച്ച് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനായി 1999-ൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ടിൽ നിന്ന് നാല് കോടി രൂപയും കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡിൽ (കെ.ഐ.ആർ.എഫ്.ബി.) നിന്നും പത്ത് കോടി രൂപയും ഹ്രസ്വകാല വായ്പയായി കമ്പനിക്ക് നൽകിയിട്ടുണ്ട്.

(ബി)

ലാഭം			രൂപ ലക്ഷത്തിൽ
1995-96	1996-97	1997-98	1998-99
260	169	169	1099
			(നഷ്ടം)
			(ആഡിറ്റ് വിധേയം)

ഉൽപ്പാദനം			രൂപ ലക്ഷത്തിൽ
1995-96	1996-97	1997-98	1998-99
8053	8236	8779	6901
			(ആഡിറ്റിന് വിധേയം)

(സി) 1998-99 സാമ്പത്തികവർഷം ഇൻഡോനേഷ്യാ, വിയറ്റ്നാം, ഒമാൻ എന്നീ രാജ്യങ്ങളിലേക്ക് 11 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ ടെൽക് കയറ്റുമതി ചെയ്തിട്ടുണ്ട്. ഈ വർഷം 3 കോടി രൂപയുടെ ഓർഡറുകൾ ഒമാനിൽ നിന്നും കിട്ടിയിട്ടുണ്ട്. കൂടാതെ 5 കോടി രൂപയുടെ ഓർഡറുകൾ സിംബാവെ, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നു.

(ഡി) ടെൽക്കിൽ ഇപ്പോൾ മൊത്തം 1543 ജീവനക്കാരുണ്ട്. ഇതിൽ മാനേജ്മെന്റ് വിഭാഗത്തിൽ 378 ജീവനക്കാരാണുള്ളത്. കമ്പനിയിൽ ശമ്പളം നൽകുന്നതിന് പ്രതിമാസം 1,17,40,389 രൂപ ഉണ്ടാകണം.

(ഇ) പ്രതിമാസ ശമ്പളം

തൊഴിലാളികൾ - 76,42,667 രൂപ

മാനേജ്മെന്റ് വിഭാഗം - 40,97,722 രൂപ

268 (1447) എച്ച്.എം.ടി.യിൽ നിന്നും ഏറ്റെടുത്ത സ്ഥലം

<u>ശ്രീ. കെ. മുഹമ്മദാലി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കളമശ്ശേരിയിൽ എച്ച്.എം.ടി. യിൽ നിന്നും വ്യവസായ വകുപ്പ് സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഈ സ്ഥലം എന്ത് ആവശ്യത്തിനായി ഉപയോഗപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly